LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 2011-12 വർഷത്തിൽ 33.32 ലക്ഷം രൂപയും 2012-2013 വർഷത്തിൽ 100 ലക്ഷം രൂപയും 2013-14 വർഷത്തിൽ 375 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചു നൽകിയിട്ടുണ്ട്. 2014-2015 വർഷത്തിൽ വാർഷിക പദ്ധതിയിൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസന ത്തിനും പുനരുദ്ധാരണത്തിനുമായി 600 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടി തുകയിൽ നിന്നും 431.59 ലക്ഷംരൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലായി 534 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) നിലവിൽ സർക്കാർ ഓഹരി മൂലധന നിക്ഷേപമായി നൽകിവരുന്ന രണ്ടുലക്ഷം രൂപ എന്നത് നാല് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

പട്ടികജാതി ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതിയ പദ്ധതികൾ

289 (2845) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ വർഷവും ഈ വർഷവും എത്ര തുകയാണ് നീക്കിവച്ചത് ; ഇതിൽ ചെലവായ തുക എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗ പുനരധിവാസ പദ്ധതി 2014-15 സാമ്പത്തിക വർഷം മുതൽ പരിഷ്കരിക്കുകയും പട്ടികജാതിയിലെ ദുർബല വിഭാഗക്കാർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം (മുമ്പ് 2.50 ലക്ഷം) രൂപയും വീട് നിർമ്മിക്കുന്നതിന് 3.50 ലക്ഷം (മുമ്പ് 2 ലക്ഷം) രൂപയും ഉൾപ്പെടെ ഒരൊറ്റ യൂണിറ്റായി കണക്കാക്കി ആകെ 7.25 ലക്ഷം (മുമ്പ് 4.50 ലക്ഷം) രൂപ അനുവദിക്കുന്നുണ്ട്. വീട് മെയിന്റനൻസിന് 50,000 രൂപയും ടോയ്ലറ്റിന് 25,000 രൂപയും നൽകിവരുന്നു. കൂടാതെ ടി വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്ക് ധനസഹായം, അടിസ്ഥാന സൗകര്യത്തിനുള്ള റോഡ്, കുടിവെള്ളം, വൈദ്യുതീകരണം എന്നിവയ്ക്കുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പ് സാമ്പത്തിക വർഷവും ദുർബല വിഭാഗ പുനരധിവാസത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു :

വർഷം	ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക
2013-14	1,500	1504.48
2014-15	1,000	268.66

പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതി

290 (2846) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതി പ്രകാരം 2013-14 വർഷം എത്ര നിയോജകമണ്ഡലങ്ങളിൽ പദ്ധതി പ്രവർത്തനം പൂർത്തിയായിട്ടുണ്ടെന്നും ഓരോ പദ്ധതിയിലും എത്ര തുക വീതം ചെലവായിട്ടുണ്ടെന്നും അവ ഓരോന്നും ഏത് ഏജൻസികൾ വഴിയാണ് നടപ്പിലാക്കിയതെന്നും ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം മണ്ഡലങ്ങളിലാണ് പദ്ധതി പൂർത്തിയാകാതെ അവശേഷിക്കുന്നതെന്നും പൂർത്തിയാകാതിരിക്കുവാനുള്ള കാലതാമസത്തിന് കാരണങ്ങളെന്താണെന്നും വ്യക്തമാക്കാമോ ;

(സി) 2014-15 വർഷം പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ?

<u>ഉത്തരം</u>

(എ) 2012-13-ൽ ആരംഭിച്ച് 2013-14-ൽ ആറന്മുള മാവേലിക്കര (LS), ഇടുക്കി (LS), പിറവം, ആലുവ, പറവൂർ എന്നീ മണ്ഡലങ്ങളിൽ പ്രവർത്തനം പൂർത്തിയായിട്ടുണ്ടെങ്കിലും അവസാന ബിൽ നിർവ്വഹണ ഏജൻസി നൽകിയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly